**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1246** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഒരാടം പാലം - മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ ഒരാടം പാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | നിർദ്ദിഷ്ട ഓരാടം പാലം - മാനത്തുമംഗലം ബൈപാസ് റോഡ് എൻ എച്ച് 966-ലെ ഓരാടംപാലം ഭാഗത്ത് നിന്ന് ആരംഭിച്ച് പെരുമ്പിലാവ് നിലമ്പൂർ സംസ്ഥാന പാതയിൽ മാനത്തുമംഗലം എന്ന സ്ഥലത്ത് അവസാനിക്കുന്നതാണ്. ഇതിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനായി 17.10.2011 തീയതിയലെ സ.ഉ.(സാധാ)നം: 73/2011/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് 02.03.2020 തീയതിയലെ സ.ഉ.(സാധാ)നം: 261/2020/PWD സർക്കാർ ഉത്തരവ് പ്രകാരം റെയിൽവേയ്ക്ക് അടവാക്കേണ്ട P&E ചാർജ്ജ് 16,23,800/- രൂപ ഉൾപ്പെടെ 10,16.23,800/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും റെയിൽവേയിൽ P&E ചാർജ്ജ് 16,23,800/- രൂപ അടവാക്കിയിട്ടുള്ളതുമാണ്. ഭരണാനുമതി ഉത്തരവിന്റെ കാലാവധി മൂന്ന് വർഷം കഴിഞ്ഞ് ഉത്തരവ് കാലഹരണപ്പെട്ടതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് പുതിയ നിരക്കിലുള്ള റെയിൽവേയുടെ പി&ഇ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടതിൽ പുതുക്കിയ ROB യൂണിറ്റ് കോസ്റ്റ് പ്രകാരം പി &ഇ ചാർജ്ജ് കണക്കാക്കിയാൽ 24,32,434/- രൂപ വരുമെന്നും അതിൽ നിന്ന് അടവാക്കിയ തുക കുറച്ച് ബാക്കി 8,08,634/- രൂപ അടവാക്കണമെന്ന് അറിയിച്ച് റെയിൽവേയിൽ നിന്ന് കത്ത് ലഭിച്ചു. പി &ഇ ചാർജ്ജ് ഇനത്തിൽ അധികമായി ആവശ്യമുള്ള തുക കൂടി ഉൾപ്പെടുത്തി 10,24,32,343 രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. അതിൽ ചില അധിക |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ കൂടി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 19.08.2025 തീയതിയിൽ സതേൺ റെയിൽവേ വർക്ക്സ് ബ്രാഞ്ച് ചീഫ് എഞ്ചിനീയർക്ക് റെയിൽവേ ഭാഗത്തുള്ള പുതുക്കിയ GAD, അലൈൻമെന്റ് പ്ലാൻ, ചെക്ക് ലിസ്റ്റ് എന്നിവ അയച്ച് നൽകിയതിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റെയിൽവേയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. റെയിൽവേ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം മാറ്റങ്ങൾ വരുത്തി ഡിസൈനും റിപ്പോർട്ടും സതേൺ റെയിൽവേക്ക് ഉടൻ തന്നെ സമർപ്പിക്കുന്നതാണ്. |
| (ബി) | റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള പി & ഇ ചാർജ്ജിൽ അധികമായി അടയ്ക്കണമെന്ന് റെയിൽവേ ആവശ്യപ്പെട്ട തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ്; വ്യക്തമാക്കുമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി. |
| (സി) | ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ ഭാഗമായുള്ള റെയിൽവേ സ്പാനിന്റെ ഡിസൈൻ ഡ്രോയിംഗ്സ്, അംഗീകരിച്ച അലൈൻമെന്റ്, സോയിൽ ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ അടങ്ങിയ വിശദാംശങ്ങൾ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ,എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ്; അടിയന്തരമായി വിശദാംശങ്ങൾ ലഭ്യമാക്കി പ്രവർത്തി ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | എ പിരിവിന്റെ അതേ മറുപടി. |
| (ഡി) | പ്രവൃത്തി നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്തുവാൻ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ദീർഘകാലമായി കാര്യമായ പുരോഗതി കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത പ്രവൃത്തി ബഹു. ചീഫ് മിനിസ്റ്ററുടെ 2025-26 RRM പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി പുരോഗതി വിലയിരുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ